(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ

160 (5513) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 200-ലേറെ പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്തുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) ഇവരുടെ ഒഴിവുകളിലേക്ക് പ്രൊമോഷൻ എന്ന് നടത്താനാകും ;

(സി) പഞ്ചായത്ത് തെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ പ്രസ്തുത പ്രൊമോഷൻ നടത്താത്തത് ഗുരുതരമായ വീഴ്ചയല്ലേ ?

ഉത്തരം

(എ-സി) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്തുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുകയും പഞ്ചായത്ത് ഡയറക്ടറുടെ 16-7-2015 ലെ ഇ1-01/2015-ാം നമ്പർ ഉത്തരവ് പ്രകാരം 240 ജൂനിയർ സൂപ്രണ്ട്/ അസിസ്റ്റന്റ് സെക്രട്ടറിമാരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് പ്രസ്തുത ഒഴിവുകൾ നികത്തിയിട്ടുണ്ട്.

പഞ്ചായത്ത് മെമ്പർമാർക്ക് സഹായികൾ

161 (5514) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് മെമ്പർമാർക്ക് സഹായികളായി ആളുകളെ നിയമിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങളും സഹായികളുടെ ചുമതലകളും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly